കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# www.ksad.kerala.gov.in

കോട്ടോപ്പാടം ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം

**E-mail:-dopkd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.9-2142/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി-02.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കോട്ടോപ്പാടം ഗ്രാമ പഞ്ചായത്ത്,

സർ,

വിഷയം : കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

--------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുത്തേൻപതി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഇമെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി.9-2142/2016 തീയ്യതി:-02.02.2017

പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ **2015- 16**
സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19-6-2016 മുതൽ 20-10-2016 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം താഴെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.എൻ.വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 31-10-2016 മുതൽ<br>7-11-2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ. അരവിന്ദാക്ഷൻ.പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. ചാമിക്കുട്ടി.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.എ.നസീറാബാനു | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ.

| | |
|---|---|
| പ്രസിഡണ്ട് | |
| ശ്രീമതി. തെക്കൻ അസ്മാബീ. | 1-4-2015 മുതൽ<br>31-10-2015 വരെ |
| ഭരണ നിർവ്വഹണക്കമ്മിറ്റി | 1-11-2015 മുതൽ<br>11-11-2015 വരെ |
| ശ്രീ. മുഹമ്മദ് ഇല്ല്യാസ്.ടി | 12-11-2015 മുതൽ<br>31-3-2016 വരെ |

| | |
|---|---|
| സെക്രട്ടറി | |
| മേരി .കെ. ഇട്ടൂപ്പ് | 1-4-2015 മുതൽ 29-2-2016 വരെ |
| എം.പി.ചന്ദ്രിക (ഇൻചാർജ്ജ്) | 1-3-2016 മുതൽ 31-3-2016 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ഷാക്കത്തലി | 1-4-2015മുതൽ 31-3-2016 വരെ |
| അസി.എഞ്ചിനീയർ | | |
| മെഡിക്കൽ ഓഫീസർ. പി.എച്ച്.സി | ഡോ.അബ്ദു കല്ലടി | 1-4-2015മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ. ഹോമിയോ | ശ്രീമതി. സുനിതാ കുമാരി. കെ.വി. | 1-4-2015മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.പി.എം.ദിനേഷ് | 1-4-2015മുതൽ 31-3-2016 വരെ |
| വെറ്റനറി സർജൻ | ഡോ.പി.കെ.ജയദേവൻ | 1-4-2015മുതൽ 27-12-2015 വരെ |
| | ഡോ.ദിവ്യ.ആർ നായർ | 28-12-2015മുതൽ 31-3-2016 വരെ |
| കൃഷി ഓഫീസർ | രേഖ .സി.ആർ | 1-4-2015മുതൽ 20-7-2015 വരെ |
| | രീജ. എം.എസ് | 22-4-2015മുതൽ 4-6-2015വരെ |
| | രേഖ .സി.ആർ | 5-6-2015മുതൽ 24-11-2015 വരെ |
| | രീജ. എം.എസ് | 25-11-2015മുതൽ 17-12-2015 വരെ |
| | രേഖ .സി.ആർ | 18-12-2015മുതൽ |

| | | |
|---|---|---|
| | | 31-3-2016 വരെ |
| ഐ.സിഡി.എസ്. സൂപ്പർവൈസർ | ഹാജിറാ.ബീവി | 1-4-2015മുതൽ<br>31-3-2016 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പഞ്ചായത്ത് പരിധിയിലുള്ള കരാർകാർ, വാഹന ഉടമകൾ എന്നിവരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയീട്ടില്ല | 2(1) |
| 2 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്. ആയത് ഈടാക്കേണ്ടതാണ് | 2(2) |
| 3 | മൊബൈൽടവറുകളുടെ വസ്തുനികുതി | 2(3) |

| ക്രമ നം | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പഞ്ചായത്ത് പരിധിയിലുള്ള കരാർകാർ, വാഹന ഉടമകൾ എന്നിവരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2(1) |
| | ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ട താണ്. | |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടിൽ വകയിരുത്തിയ തുകയെക്കാൾ അധികം പിൻവലിച്ചിട്ടുള്ള 30000/- രൂപ - തിരിച്ചടയ്ക്കേണ്ടതാണ് | 3(1) |
| 2 | ഗവൺമെന്റ് സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ - പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം പാലിക്കാതെ വാങ്ങൽ നടത്തിയിരിക്കുന്നു. ചെലവാക്കിയ 158855 രൂപ തടസ്സപ്പെടുത്തുന്നു | 3(2) |
| 3 | സാധനങ്ങൾ വാങ്ങുമ്പോൾ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർപർച്ചേസ് മാന്വലിലേയും നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 3(3) |
| 4 | തെരുവ് വിളക്ക് റിപ്പയറിനായി വാങ്ങുന്ന ബൾബുകളും മറ്റുസാമഗ്രികളും സ്റ്റോക്കിലെടുത്ത് സൂക്ഷിച്ചിട്ടില്ല. | 3(4) |
| 5 | ഐ.എ.വൈ.അധിക വിഹിതം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3(5) |
| 6 | ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അർഹതപ്പെട്ടവർക്ക് പരമാവധി ആനുകൂല്യം നൽകേണ്ടതാണ് | 3(6) |

| | | |
|---|---|---|
| 7 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 3(7) |
| 8 | കുടുംബശ്രീ അക്കൗണ്ടിൽ ചെലവാകാതെ അവശേഷിക്കുന്ന തുക സഞ്ചിത നിതിയിൽ തിരിച്ചടച്ച് ചലാന്റെ പകർപ്പ് ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. | 3(8) |
| 9 | തെരുവ് വിളക്ക് റിപ്പയർചാർജ്ജ് നല്കുന്നതിൽ നിന്നും നികുതികളും വിഹിതവും പിടിക്കുനില്ല. | 3(9) |
| 10 | ഹോമിയോ ഡിസ്പെൻസറി മരുന്ന് വാങ്ങൽ സംബന്ധിച്ച് | 3(10) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്.

ഓഡിറ്റ് വർഷങ്ങളിലെ ബജറ്റ്/ പുതുക്കിയ ബജറ്റ് താഴെ പറയും പ്രകാരം അംഗീകരിച്ചു.

| വർഷം | ബജറ്റ് അംഗീകരിച്ച തിയതി/തീരുമാനം |
|---|---|
| 2015-16 | നമ്പർ 1 -03-2015 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2015 | 6-10-16 | ബാധകമല്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 31-10-2016 | - |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം *1*-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2015-16 | 53109229 | 43869377 | 96978606 | 72072690 | 24905916 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 6601723 | 30363394 | 36965117 | 22888117 | 16679395 | 14077000** |
| വികസന ഫണ്ട് (എസ്.സി.പി) | 7434735 | 12235342 | 19670077 | 6895980 | -12774097* | 0 |
| വികസനഫണ്ട് | 0 | 142000 | 142000 | 130000 | -12000* | |

| | | | | | | |
|---|---|---|---|---|---|---|
| (ടി.എസ്.പി) | | | | | | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1044543 | 7804000 | 8848543 | 8810313 | 2224452** | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1939606 | 4267000 | 6206606 | 4020384 | | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 4365145 | 7548245 | 11913390 | 8044988 | -3868402* | 0 |
| ലോക ബാങ്ക് സഹായം | 4388056 | 0 | 4388056 | 4363160 | -24896* | 0 |
| എം.ജി.എൻ ആർ. ഇ. ജി.എസ്. | 25000 | 295114 | 320114 | 284406 | | 35708 |

- ** വർഷാവസാനം സർക്കാറിലേക്ക് തിരിച്ചടച്ചിട്ടുള്ളതാണ്.
- * VPFA II ലേക്ക് മാറ്റിയിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 15-16 | 194 | 82148084 | 183 | 53238530 | - | 11 | 94% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 268667 | 252000 | 94 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 866560 | 866560 | 100 |
| വി.ഇ.ഒ | 12 | 12 | 23775800 | 8951800 | 38 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5 | 6933307 | 4484125 | 65 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 130 | 125 | 24558371 | 22504292 | 91 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-PHC | 3 | 3 | 491538 | 491538 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേധം | 1 | 1 | 400000 | 400000 | 100 |
| മെഡിക്കൽ ഓഫീസർ ഹോമിയോപതി | 1 | 1 | 100000 | 100000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 10097500 | 4885076 | 48 |
| സെക്രട്ടറി | 14 | 6 | 6746488 | 4574470 | 68 |
| എച്ച്.എം | 6 | 6 | 2910962 | 2655800 | 91 |

# 1-7 തനതു വരുമാനം

സ്ഥപനത്തിന് ഈ സാമ്പത്തിക വർഷം തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് / വർദ്ധനവ് ഉണ്ടായിട്ടുണ്ട്

2015-16

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/ (-) |
|---|---|---|---|---|
| നികുതി വരവുകൾ | 5702672 | 4167796 | 1534876 | -26.9 |
| നികുതിയേതര വരവുകൾ | 962747 | 987217 | 24470 | 2.5 |
| മറ്റു വരവുകൾ | 64180 | 176471 | 112291 | 63 |
| ആകെ | 6729599 | 5331484 | 1671637 | |

# 1-8 ക്ഷേമ പദ്ധതികൾ

സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 25 | 23 | 2 | - |
| 2 | തൊഴിൽ രഹിത വേതനം | 22 | 22 | 0 | - |
| 3 | വിധവാ പെൻഷൻ | 126 | 117 | 9 | വിധവകൾ എന്നതെളിയിക്കുന്ന |

| | | | | | |
|---|---|---|---|---|---|
| | | | | | രേഖകൾ ഇല്ല. |
| 4 | വികലാംഗ പെൻഷൻ | 30 | 23 | 7 | വികലാംഗരെന്ന് തെളിയിക്കുന്ന രേഖകൾ ഇല്ല. |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | - | - | - | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 229 | 198 | 31 | വരുമാന പരിധി കഴിഞ്ഞു. |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04-11-2016, 3.00 pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7461 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2015-16 | 1.6.16 മുതൽ 30.6.16 വരെ | 18.10.16 | ഒന്നുമില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.09.2009 | 2004-05മുതൽ 2008-09വരെ | 25-09-2009 | ഒന്നുമില്ല. |

## 1-11 അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പഞ്ചായത്ത് പരിധിയിലുള്ള കരാറുകാർ,, വാഹന ഉടമകൾ എന്നിവരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയീട്ടില്ല

കോട്ടോപ്പാടം പഞ്ചായത്ത് പരിധിയിലുള്ള കരാറുകാർ, വാഹന ഉടമകൾ എന്നിവരിൽനിന്നും 2015-16 വർഷം തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. അവരിൽനിന്നും തൊഴിൽനികുതി ഈടാക്കി

പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്. ആയത് ഈടാക്കേണ്ടതാണ്

കോട്ടോപ്പാടം പഞ്ചായത്തിൽ താഴെ കൊടുക്കുന്നവരിൽനിന്നും തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. കുറവുവന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

| ക്ര.നം. | ജീവനക്കാരന്റെപേര് വിവരം | അർദ്ധ വർഷം | വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കി യത് | കുറവ് തുക |
|---|---|---|---|---|---|---|
| 1 | പ്രതിഭ,ആർ,അസിസ്റ്റന്റ് കോളേജ് ഓഫ് എവിയൻ സയൻസ്,തിരുവിഴാംകുന്ന്. | 1ാം | 92400 | 750 | 450 | 300 |
| 2 | കണ്ണൻ.ആർ. ബീറ്റ് ഫോരസ്റ്റ് ഓഫീസർ, ഫോറസ്റ്റ് സ്റ്റേഷൻ, തിരുവിഴാംകുന്ന്. | 1ാം | 141720 | 1250 | 1000 | 250 |
| | | | ആകെ-------- | --------------- | ----------- | 550 |

## 2-3 മൊബൈൽടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്.

കോട്ടോപ്പാടം പഞ്ചായത്ത് പരിധിയിലുള്ള താഴെ കൊടുക്കുന്ന മൊബൈൽടവറുകളുടെ വസ്തുനികുതി 2015-16-ൽ ഈടാക്കിയിട്ടില്ല. കൂടാതെ മുൻവർഷങ്ങളിലേയും ഈടാക്കിയിട്ടില്ല. ആയതിനാൽ ഇവയുടെ വസ്തു നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവാക്കേണ്ടതാണ്.

| ക്രമ നം | വാർഡ്-കെട്ടിട നം | ഉടമയുടെ പേർ | മൊബൈൽ ടവറിന്റെ പേർ | അർദ്ധ വർഷം | വസ്തു നികുതി |
|---|---|---|---|---|---|
| 1 | 3-496 | ജേക്കബ്,മനക്കാട് | ഇന്ഡസ് ടവേർസ് | 1st&2nd | 21000 |
| 2 | 9-499 | മുഹമ്മദ്കുട്ടി | SR Telicom, | ,, | 10080 |
| 3 | 4-513 | ഉമ്മാത്തുമ്മ | Indus Travers | ,, | 3755 |
| 4 | 10-534 | മുഹമ്മദ് | Info Services Ltd. | ,, | 8458 |
| 5 | 12-95 | അബൂഹാജി | Tata Tele Services | ,, | 3360 |
| 6 | 12-96 | ,, | MS Realance Communicatiion | ,, | 3233 |
| 7 | 16-571 | ഷംസുദ്ദീൻ | Bharathi Air Tel | ,, | 2520 |
| 8 | 21-574 | മൊയ്തുട്ടി | Indus Travers | ,, | 6072 |
| 9 | 21-588 | അസീസ് | India Telecom Infra.Ltd. | ,, | 4083 |
| 10 | 13-0 | അലവികുട്ടി | Idea Mob.Communication | ,, | 1906 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടിൽ വകയിരുത്തിയ തുകയെക്കാൾ അധികം പിൻവലിച്ചു. 30000/-രൂപ തിരിച്ചടയ്ക്കേണ്ടതാണ്

2015-16 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | പിൻവലിച്ച തുക | ബിൽ നമ്പർ& തിയതി |
|---|---|---|---|---|---|
| 1 | 32/16 | പച്ചക്കറി വികസനം | 40000 | 40000 | 3/15-16<br>30.3.16 |
| 2 | 33/16 | വാഴകൃഷി | 48667 | 32000 | 2/15-16<br>30.3.16 |
| 3 | 9/16 | നെൽകൃഷി വികസനം | 180000 | 180000 | 4/15-16<br>30-3-16 |
| 4 | | - | | 30000 | 1/15-16<br>29.2.16 |
| | ആകെ | | 268667 | 282000 | |

ക്രമ നമ്പർ 4 ലെ പിൻവലിച്ചിട്ടുള്ള തുകയുടെ ചെലവ് സംബന്ധിച്ച് രേഖകളില്ല. 5-11-2016 ലെ നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭിച്ചില്ല. ടി സാമ്പത്തിക വർഷത്തിൽ നടത്തിയിട്ടുള്ള യഥാർത്ഥ ചെലവ് 252000/-രൂപ മാത്രമാണ്. എന്നാൽ അധികം പിൻവലിച്ചിട്ടുള്ള 30000/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ഗവൺമെന്റ് സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ - പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം പാലിക്കാതെ വാങ്ങൽ നടത്തിയിരിക്കുന്നു. ചെലവാക്കിയ 158855 രൂപ തടസ്സപ്പെടുത്തുന്നു

(I) പ്രോജക്ട് നം- 153/16

പ്രോജക്ടിന്റെ പേര് : ഗവൺമെന്റ് സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ

അടങ്കൽ :480000 തനത് ഫണ്ട്

ചെവല് : 463200 രൂപ

POC നമ്പർ 11580025/തിയതി : 23-3-16

(II) പ്രോജക്ട് നം- 57/16

പ്രോജക്ടിന്റെ പേര് : GLPS തിരുവിഴാംകുന്നിന് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ

അടങ്കൽ :50000 (MG(NR))

ചെലവ് : 39800 രൂപ

ബിൽ നമ്പർ : 2/15-16 തിയതി 27-11-15

നിർവ്വഹണം : എച്ച്.എം, ജി.എൽ.പി.എസ് തിരുവിഴാംകുന്ന്

ഡി.പി.സി അംഗീകരിച്ച നമ്പരും തിയതിയും : 474/DPC/DPO/pkd തിയതി 22-8-2016

ഗവൺമെന്റ് സ്കൂളുകൾക്ക് ഐ.ടി സൗകര്യം വർദ്ധിപ്പിക്കൽ എന്ന ലക്ഷ്യത്തോടെ ൽ 2015-16 ൽ മേൽ പറഞ്ഞിട്ടുള്ള രണ്ട് പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതികൾ പ്രകാരം വാങ്ങാനു ദ്ദേശിച്ച കമ്പ്യൂട്ടർ സാമഗ്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | നിരക്ക് | എണ്ണം | മതിപ്പ് ചെലവ് |
|---|---|---|---|
| പ്രോജക്ട് (I) | | | |
| ഡെസ്ക് ടോപ്പ് UPS | 40000 | 12 | 480000 |
| പ്രോജക്ട് (II) | | | |
| ഡെസ്കടോപ്പ് | 50000 | 1 | 50000 |
| പ്രിന്റർ | | 1 | |
| | | ആകെ | 530000 |

സ.ഉ(സാധാ) നം.679/12/തസ്വഭവ തിയതി 6-3-2012 പ്രകാരം സർക്കാർ സ്കൂളുകൾക്ക് ഐ.ടി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ആയതനുസരിച്ച് 28.3.12 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം നം. NEP3/80281/07 തിയതി 28-3-2012 പ്രകാരം ഗവൺമെന്റ് എൽ. പി സ്കൂളുകൾക്ക് വാങ്ങുന്ന കമ്പ്യൂട്ടർ സാമഗ്രികളുടെ വില പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരം ടെണ്ടർ നടപടിയില്ലാതെ കെൽട്രോണിൽ നിന്ന് സാമഗ്രികൾ നേരിട്ട് വങ്ങാവുന്നതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. ആയതനുസരിച്ച് സാധന സാമഗ്രികൾ നേരിട്ട് കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ടെങ്കിലും, മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം നിശ്ചയിച്ച വിലയിലും അധികരിച്ച നിരക്കിലാണ് സാധനങ്ങൾ ലഭ്യമാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | കെൽട്രോണിന് നൽകിയ വില (യൂണിറ്റ് പ്രൈസ് ടാക്സ് ഉൾപ്പെടെ) | കെൽട്രോണിന് നൽകേണ്ടിയിരുന്ന നിരക്ക് (യൂണിറ്റ് പ്രൈസ് ടാക്സ് ഉൾപ്പെടെ) | വ്യത്യാസം | എണ്ണം | ആകെ തുക |
|---|---|---|---|---|---|
| ഡെസ്ക് ടോപ്പ് | 35899.98 | 23080 | 12819.98 | 12 | 153839.76 |
| ഡെസ്ക് ടോപ്പ് | 28095.24 | 23080 | 5015.24 | 1 | 5015.24 |
| | | | | ആകെ | 158855 |

പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം സ്കൂളുകൾക്കായി നിശ്ചയിച്ച കുറഞ്ഞ നിരക്കിലും, അധിക സ്പെസിഫിക്കേശനിലും മേൽ സൂചിപ്പിച്ച രണ്ട് പദ്ധതികളിലും കമ്പ്യൂട്ടർ സാമഗ്രികൾ വാങ്ങിയതിനാൽ 158855/- രൂപ അധികം ചെലവഴിച്ചിട്ടുള്ളത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (8-11-2016-ലെ ഓഡിറ്റ് അന്വേഷണം നമ്പർ 9).

## 3-3 സാധനങ്ങൾ വാങ്ങുമ്പോൾ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർപർച്ചേസ് മാന്വലിലേയും നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്തിലേയ്ക്കും കൈമാറികിട്ടിയ സ്ഥാപനങ്ങളിലേക്കും വിവിധ സാധനങ്ങളും, കമ്പ്യൂട്ടർ സാമഗ്രികളും വാങ്ങിയിട്ടുള്ളത് പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കാതെയും, പർച്ചേഴ്സ് കമ്മിറ്റി കൂടാതെയുമാണ്. ടി സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികളിലൂടെ പഞ്ചായത്ത് നടത്തിയ വാങ്ങലുകൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് | അടങ്കൽ | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| അങ്കണവാടികൾക്ക് ഫർണീച്ചർ വാങ്ങൽ | 150000<br>മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 150000 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പഞ്ചായത്താഫീസിലേക്ക് ഫർണീച്ചർ വാങ്ങൽ | 150000<br>തനത് ഫണ്ട് | 146900 | സെക്രട്ടറി |
| പത്താം ക്ലാസിൽ പടിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൽ വാങ്ങൽ | 300000<br>വികസനഫണ്ട്എസ്.സി.പി | 72540 | ഹെഡ്മാസ്റ്റർ,<br>GLPS |
| പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ ലഭ്യമാക്കൽ | 400000<br>വികസനഫണ്ട് എസ്.സി.പി | 400000 | -ടി- |
| ഹെഡ്മാസ്റ്റർ,<br>GLPS തിരുവിഴാംകുന്നിനു കമ്പ്യൂട്ടറും, പ്രിന്ററും | 50000<br>മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 39800 | -ടി- |
| ഗവൺമെന്റ് സ്കൂളുകൾക്ക ഫർണീച്ചർ വാങ്ങൽ | 192715 മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്<br>6711 തനത് ഫണ്ട് | 199426 | -ടി- |
| സ്കൂളുകൾക്ക കമ്പ്യൂട്ടർ വാങ്ങൽ | 480000 തനത് ഫണ്ട് | 463200 | -ടി- |

തദ്ദേശസ്വംഭരണ സ്ഥപനങ്ങൾക്കുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ

–ജി.ഒ.(പി) 259/2010 ത.സ്വ.ഭ.വ 8-11-2010 ലെ നിർദ്ദേശ പ്രകാരം സെക്രട്ടറി അഥവാ നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം ഓരോ തദ്ദേശ സ്വംഭരണ സ്ഥപനത്തിലും രൂപീകരിക്കേണ്ടതാണ്. വാങ്ങൽ കമ്മിറ്റിയുടെ മേൽ നോട്ടത്തിലും മാർഗ്ഗ നിർദ്ദേശത്തിലുമാണ് വാങ്ങൽ ടീം പ്രവൃത്തിക്കേണ്ടത് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ:

1. സെക്രട്ടറി അധവാ നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം പഞ്ചാത്തിൽ രൂപീകരിക്കേണ്ടതാണ്.
2. വിവിധ സ്ഥാപനങ്ങളുടെ ആവശ്യകത വിലയിരുത്തി ഒരേ ഇനങ്ങൾക്ക് ഒരു ടെണ്ടർ/ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്.
3. സർക്കാർ അംഗീകൃത സ്ഥാപനങ്ങളിലൂടെ സാധനങ്ങൾ വാങ്ങാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. പർച്ചേസ്കമ്മിറ്റി ഓരോ ക്വട്ടേഷൻ/ടെണ്ടറുകളും സൂക്ഷ്മമായി പരിശോധിക്കുകയും, ഗുണ നിലവാരമുള്ള സാധനങ്ങളുടെ സാമ്പിളുകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും, ഉചിത തീരുമാനത്തിലൂടെ സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-4 തെരുവ് വിളക്ക് റിപ്പയറിനായി വാങ്ങുന്ന ബൾബുകളും മറ്റുസാമഗ്രികളും സ്റ്റോക്കിലെടുത്ത് സൂക്ഷിച്ചിട്ടില്ല.

19.06.2015-ലെ വൗച്ചർ നം.135 പ്രകാരം 11 വാട്ട് CFL ബൾബ് 1000 എണ്ണവും 36വാട്ട് CFL BULB 500 എണ്ണവും മറ്റ അനുബന്ധസാമഗ്രികളും ക്രൂസിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്കിലെടുത്ത് വിതരണം കാണിച്ചിട്ടില്ല. ആവശ്യമായവ അപ്പപ്പോൾ പഞ്ചായത്തിൽ നിന്നും എടുത്ത് ഉപയോഗിക്കുകയാണ്ചെയ്യുന്നത്. നിലവിൽ പഞ്ചായത്തിൽ ബൾബുകൾ ഒന്നും സ്റ്റോക്കില്ല ആയതിനാൽ ഇവയുടെ വിതരണം കാണിച്ച് സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി അടുത്ത ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-5 ഐ.എ.വൈ.അധിക വിഹിതം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| പ്രോജക്ട് നം. | അടങ്കൽ | ചെലവ് | ബിൽ നം, തിയതി |
|---|---|---|---|
| വി.ഇ.ഒ | | | |
| 60/16ഐ.എ.വൈ പഞ്ചായത്ത് വിഹിതം (ജനറൽ) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 740000 | 740000 | 15/15-16 30-1-16 |

2015-16 വർഷത്തിൽ ഐ.എ.വൈ ഭവന പദ്ധതിക്കായി 740000/- രൂപ മണ്ണാർക്കാട് ബ്ലോക്കാഫീസിലേക്ക് നൽകിയിട്ടുണ്ട്. ടി ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ട താണ്.

## 3-6 ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹതപ്പെട്ടവർക്ക് പരമാവധി ആനുകൂല്യം നൽകേണ്ടതാണ്

പ്രോജക്ട് നം -S0006/16- ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥ – ICDS സൂപ്പർവൈസർ

അടങ്കൽ - 595200 – വികസന ഫണ്ട് ജനറൽ

ബിൽ നം. 2/15-16 തിയതി 30/03/2016 – പിൻവലിച്ച തുക -297600രൂപ

12ാം പദ്ധതിയുടെ മാർഗ്ഗരേഖ ജി.ഒ(എം.എസ്)നം. 362/2013/ത.സ്വ.ഭ.വ തിയതി 16/11/2013 അനുസരിച്ച് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പിനുള്ള തുക ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകൾ യഥാക്രമം 50:25:25 എന്ന അനുപാതത്തിൽ വകയിരുത്തേണ്ടതാണ്. ഇപ്രകാരം വകയിരുത്തിയിട്ടുണ്ടെങ്കിലും ജില്ല, ബ്ലോക്ക് വിഹിതങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടില്ല. അനുവദിക്കുമ്പോൾ നല്കുന്നതിന് സർക്കാർ നിശ്ചിത നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തിൽ അർഹതപ്പെട്ട പലർക്കും ആനുകൂല്യം വളരെ കുറവായിട്ടാണ് നൽകിയിട്ടുള്ളത്. 2-11-2010 ലെ ഓഡിറ്റ് എൻക്വയറിക്ക് ഐ.സി.ഡി.എസ് സൂപ്പർവൈസർ നൽകിയ മറുപടിയിൽ ബ്ലോക്ക് വിഹിതം 1,48,800/- രൂപ മാർച്ച് 31 തിയതിക്ക് ശേഷം ലഭ്യമായതിനാൽ ആയത് 2016-17 സാമ്പത്തിക വർഷത്തിൽ കൃത്യമായി വിതരണം ചെയ്തതായി അറിയിച്ചിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖയനുസരിച്ച് പ്രതിമാസ സ്കോളർഷിപ്പ് ഒരു വർഷത്തിൽ 12 മാസവും നൽകാവുന്നതാണ്. Cerebral Palsy, Autism മുതലായവ നേരിടുന്നവർക്ക് പ്രതിമാസം 1000/- രൂപ വീതം നൽകാവുന്നതാണ്. അർഹതപ്പെട്ടവർക്ക് മുഴുവൻ ആനുകൂല്യങ്ങളും ലഭ്യമാകുന്ന തരത്തിൽ ഫണ്ട് വകയിരുത്തേണ്ടതും അപ്രകാരം പദ്ധതി നടപ്പാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-7 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

കോട്ടോപ്പാടം പഞ്ചായത്തിനു കീഴിലുള്ള 40 അംഗൻവാടികളെ സംബന്ധിച്ച അടിസ്ഥാന സൗകര്യങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സൂചകങ്ങൾ | കണ്ടെത്തൽ |
|---|---|---|
| 1 | പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആകെ അംഗൻവാടികളുടെ എണ്ണം | 40 |
| 2 | അംഗൻവാടികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ വിവരം | സൂപ്പർവൈസർ - 1<br>വർക്കർമാർ - 40<br>ഹെൽപ്പർമാർ - 40 |
| 3 | കെട്ടിടമില്ലാത്ത അംഗൻവാടികളുടെ എണ്ണം | 5 |

| | | |
|---|---|---|
| 4 | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ എണ്ണം | 4 |
| 5 | സൌജന്യമായി ലഭിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ എണ്ണം | 1 |
| 6 | വൈദ്യുതീകരിച്ച അംഗൻവാടികളുടെ എണ്ണം | 35 |
| 7 | വൈദ്യുതീകരിച്ച അംഗൻവാടികളിലുള്ള സൌകര്യങ്ങൾ | ഫാൻ, ലൈറ്റ് എന്നിവ ഉണ്ട്. |
| 8 | അംഗൻവാടികൾ വൈദ്യുതീകരിക്കാൻ പ്രൊജക്ട് രൂപപ്പെടുത്തിയിട്ടുണ്ടോ? | ഉണ്ട് |
| 9 | സ്വന്തമായി ജലസ്രോതസ്സുള്ള അംഗൻവാടികളുടെ എണ്ണം | 33 |
| 10 | ജലവിതരണ സംവിധാനങ്ങളുണ്ടായിട്ടും ജലം ലഭിക്കാത്ത അംഗൻ വാടികളുടെ എണ്ണം. | 5 |
| 12 | ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് ഉള്ള അംഗൻവാടികളുടെ എണ്ണം | - |
| 13 | ചുറ്റുമതിൽ ഉള്ള അംഗൻവാടികളുടെ എണ്ണം | 35 |
| 14 | ചുറ്റുമതിൽ ഇല്ലാത്തവ | 5 |
| 15 | ഗ്യാസ് കണക്ഷൻ ഉള്ള അംഗൻവാടികളുടെ എണ്ണം | 5 |

അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഭരണസമിതി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 കുടുംബശ്രീ അക്കൗണ്ടിൽ ചെലവാകാതെ അവശേഷിക്കുന്ന തുക സഞ്ചിത നിധിയിൽ തിരിച്ചടച്ച് ചലാന്റെ പകർപ്പ് ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

മുൻ വർഷങ്ങളിൽ ഭവനശ്രീ പദ്ധതിയിൽ വീട് നിർമ്മാണത്തിന്റെ ഭാഗമായി കുടിശ്ശിക തീർപ്പാക്കുവാനായി സർക്കാരിൽ നിന്നും ലഭ്യമായ തുകയിൽ ബാക്കി വന്ന 158045 രൂപ കുടുംബശ്രീയുടെ SBT Ac.no-67006419224-ൽ അവശേഷിക്കുന്നുണ്ട്. വർഷങ്ങളായി അവശേഷിക്കുന്ന ടി തുക നാളിതുവരെ സർക്കാരിലേക്ക് അടവാക്കി അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല. 2-11-2016 ലെ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുക സർക്കാരിലേക്ക് തിരിച്ചടച്ച് ചലാന്റെ പകർപ്പ് ഓഡിറ്റിനു

ലഭ്യമാക്കേണ്ടതാണ്.

## 3-9 തെരുവ് വിളക്ക് റിപ്പയർചാർജ്ജ് നല്കുന്നതിൽ നിന്നും നികുതികളും വിഹിതവും പിടിക്കുനില്ല.

തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിന് പഞ്ചായത്ത് ശ്രീ. മുജീബ് എന്നയാളുമായി കരാർ ഉടമ്പടിവെച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ പ്രതിഫലം നല്കുമ്പോൾ കുറവുചെയ്യേണ്ട നികുതികളും വിഹിതവും കുറവുചെയ്യാതെയാണ് തുക നല്കിയിരിക്കുന്നത്.വിശദവിവരം താഴെകൊടുക്കുന്നു.

| ക്ര.നം. | വൗച്ചർ-തിയതി | നല്കിയ തുക | കുറക്കേണ്ട വാറ്റ് | വരുമാന നികുതി | ക്ഷേമ നിധി | ആകെ |
|---|---|---|---|---|---|---|
| 1 | 281--19.8.15 | 34760 | 1043 | 348 | 348 | |
| 2 | 309—26.8.15 | 28000 | 840 | 280 | 280 | |
| 3 | 356—23.9.15 | 43200 | 1296 | 432 | 432 | |
| 4 | 376—7.10.15 | 46560 | 1397 | 466 | 466 | |
| 5 | 408—28.10.15 | 32960 | 989 | 330 | 330 | |
| 6 | 536—30.12.15 | 15360 | 461 | 154 | 154 | |
| 7 | 637—13.1.16 | 46080 | 1382 | 461 | 461 | |
| 8 | 747—11.2.16 | 18400 | 552 | 184 | 184 | |
| 9 | 978—30.3.16 | 22240 | 667 | 222 | 222 | |
| ആകെ- | ------------------ | 287560 | 8627 | 2877 | 2877 | 14381 |

ആയതിനാൽ കുറവുചെയ്യാൻ വിട്ടുപോയ നികുതികളും വീഹിതവും ഉടൻ തിരിച്ചുപിടിച്ച് അതാതു വകുപ്പുകളിലേക്ക് അടവാക്കേണ്ടതാണ്.

## 3-10 ഹോമിയോ ഡിസ്പെൻസറി മരുന്ന് വാങ്ങൽ സംബന്ധിച്ച്

കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിലെ ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗ സ്ഥയായി നടപ്പാക്കിയ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് (S0012/2016)ലേക്കായി ഒരുലക്ഷം രൂപ പിൻവലിച്ച് ഡീഡീയാക്കി(DD.No.234098/ 30.01.2016) സ്റ്റേറ്റ് ഹോമിയോ കോ.ഓപ്പ.സ്വസൈറ്റിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. പണം അടച്ച് പത്തുമാസത്തോള മായിട്ടും മരുന്ന് ലഭ്യമായിട്ടില്ല എന്ന വിവരമാണ് അറിയാൻ കഴിഞ്ഞത്. ആയതിനാൽ സ്റ്റോക്ക് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. മരുന്ന് ലഭ്യമാവുന്ന മുറക്ക് ആയത് സ്റ്റോക്കിലെടുത്ത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കി യിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 45000 | നെൽകൃഷി വികസനം | 45000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 27000 | ടി | 27000 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4(i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | വിനിയോഗിയ്ക്കാന വശേഷിയ്ക്കുന്നത് | ഉദ്ദേശ്യ ലക്ഷ്യം നേടിത് സംബന്ധിച്ച വിവരം. |
|---|---|---|---|---|
| | 45000 | Ems ഭവനം | 100000 | |

## 4-4(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തിരിച്ചട യ്ക്കാനുള്ള മുൻബാക്കി | തൻ വർഷം എടുത്ത വായ്പ തുക | തൻവർഷം അടച്ചത് | | വർഷാ വസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | ems | G.O.799/2010/ ത.സ്വ.ഭ.വ. തിയതി 9.3.2013 | 3447500 | | 2447500 | - | 1000000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 96978606 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72072690 |
| വരവിനങ്ങളിലുള്ള നഷ്ടം | 550 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30000.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 158855.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 550 | മേരി.കെ.ഇട്ടൂപ്, സെക്രട്ടറി |
| 3-1 | 30000 | രേഖ.സി.ആർ., കൃഷിഓഫീസർ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 158855 | എച്ച്.എം. ജി.എൽ.പി.എസ്സ്. തിരുവിഴാംകുന്ന്. |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഖണ്ടിക.3-9,വാറ്റ്-8627 രൂപ,വരുമാനനികുതി.2877 രൂപ,ക്ഷേമനിധി 2877 രൂപ.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ,

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രേഖ.സി.ആർ കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത് | മണലാർക്കാവ് റോഡ്<br>സ്ട്രീറ്റ് നമ്പർ 3<br>വിയ്യൂർ പി.ഒ.- 680010 |
| മേരി.കെ.ഇട്ടൂപ് സെക്രട്ടറി | റിട്ടയർഡ് | തമ്പി മേത്യു കോലാടി ഹൗസ് പോർക്കളം പി.ഒ പഴഹനി, തൃശ്ശൂർ- 680542 |
| അബൂബക്കർ | ഹെഡ് മാസ്റ്റർ, GLPS തിരുവിഴാംകുന്ന് | കാപ്പുണ്ടൽ ഹൗസ് വട്ടമണ്ണപ്പുറം, മണ്ണാർക്കാട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.പി.5/-440/98 /തിയതി.14-11-98 | ഫർതർ റിമാർക്സ് |
| 1997-98 | ടി | |
| 1998-99 | എൽ.എഫ്.പി.5/9/98 തിയതി.14-11-98 | |
| 1999-00 | എൽ.എഫ്.പി.11/1096/03 തിയതി 01-09-2004 | |
| 2000-01 | എൽ.എഫ്.പി.11/543/05 തിയതി.14-02-2007 | |
| 2001-02 | എൽ.എഫ്.പി.11/350/2006 തിയതി.30-01-2007 | |
| 2002-03 | എൽ.എഫ്.പി.11/713/2008 തിയതി 02-06-2009 | |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.പി.11/714/2008 തിയതി.02-06-09 | |
| 2004-05 | എൽ.എഫ്.പി.11/715/2008 തിയതി.02-06-2009 | |
| 2005-06 | എൽ.എഫ്.പി.11/716/2008 തിയതി.02-06-2009 | |
| 2006-07 | എൽ.എഫ്.പി.11/717/2008 തിയതി.02-06-2009 | |
| 2007-08 | എൽ.എഫ്.പി.20/137/2012 തിയതി 16-01-12 | |
| 2008-09 | എൽ.എഫ്.പി.20/138/2012 തിയതി 16-01-12 | |
| 2009-10 | എൽ.എഫ്.പി.20/1420/2013 തിയതി 08-04-14 | |
| 2010-11 | എൽ.എഫ്.പി.20/1421/2013 തിയതി 08-04-14 | |
| 2011-12 | എൽ.എഫ്.പി.20/1756(എ)/2014 തിയതി.17.09-14 | |
| 2012-13 | എൽ.എഫ്.പി.20/360/2015 തിയതി14-05-15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 & 2014-15 | നം.കെ.എസ്.എ. പി.കെ.ഡി9/ 956 /2016/13.07.2016 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

# സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി.9-2142/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തിയതി -02-02-2017

സാക്ഷ്യപത്രം

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഗ്രാമ പഞ്ചായത്തിന്റെ 31.3.16 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെപരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോട്ടോപ്പാടം ഗ്രാമ പഞ്ചായത്ത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- വകുപ്പ് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 204 എന്നിവ പ്രകാരം തയ്യാറാക്കിയ 2015-2016 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

വാർഷിക ധനകാര്യ പത്രിക – 2015-2016

ന്യൂനതാ സംഗ്രഹം

1. ആസ്ഥി വിവരങ്ങൾ കാലികമാക്കി സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. വസ്തു നികുതി ഡിമാന്റ് അരിയർ ഡിമാന്റ് സഞ്ചയയിൽ ചേർത്തിട്ടുണ്ടെങ്കിലും വസ്തു നികുതി പരിഷ്കരണം മൂലം സംഭവിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD-9-2142/2016

Kerala State Audit Department

District Audit Office, Palakkad

Date -02.02.2017

Audit Certificate

Certified that I have audited the Annual Financial Statement of KOTTOPADAM grama panchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kottopadam grama panchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

Abstract of Defects

1. Asset value not updated and linked with Sankhya.
2. The uncertainity exists in the demand and arrear demand of the property tax after linked SAANKYA and SANCHAYA.

Deputy Director